ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പശ്ചിമബംഗാൾ, ഝാർഖണ്ഡ് സന്ദർശനത്തിന് നാളെ തുടക്കം.

   **President Draupadi Murmu's visit to West Bengal and Jharkhand begins tomorrow.**

2. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച പ്രത്യേക ചർച്ച പാർലമെൻറിൻറെ ഇരുസഭകളിലും പുരോഗമിക്കുന്നു. ഭീകരവാദത്തോട് ഇന്ത്യയുടെ വിട്ടുവീഴ്ചയില്ലാത്ത നയമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **A special discussion on Operation Sindoor is underway in both the houses of Parliament. Prime Minister Narendra Modi said that India's uncompromising policy towards terrorism has been demonstrated through Operation Sindoor.**

3. പാകിസ്ഥാൻറെ ഭാഗത്ത് നിന്ന് ഇനിയും പ്രകോപനം ഉണ്ടായാൽ ഓപ്പറേഷൻ സിന്ദൂർ പുനരാരംഭിക്കുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് രാജ്യസഭയിൽ. പഹൽഗാം ഭീകരാക്രമണത്തിൽ സുരക്ഷാവീഴ്ച ആരോപിച്ച് പ്രതിപക്ഷം.

   **Defence Minister Rajnath Singh said in the Rajya Sabha that Operation Sindoor will be resumed if there is any further provocation from Pakistan. Opposition alleges security lapse in the Pahalgam terror attack.**

4. വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് നാളെ ഒരു വർഷം. പുത്തുമലയിൽ നാളെ സർവമത പ്രാർത്ഥനയും, അനുസ്മരണ സമ്മേളനവും.

**Tomorrow marks one year of Wayanad Mundakai Chooralmala landslide disaster. All-religious prayer and memorial meeting in Puthumala.**

5. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച പ്രളയ് മിസൈൽ വിജയകരമായി പരീക്ഷിച്ച് ഡിആർഡിഒ.

**DRDO successfully tests India's indigenously developed Pralay missile.**

✡✡✡✡✡✡✡✡✡✡✡✡✡✡

## PRZ- WEST BENGAL JHARKHAND VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പശ്ചിമബംഗാൾ, ഝാർഖണ്ഡ് ത്രിദിന സന്ദർശനത്തിന് നാളെ തുടക്കം. നാളെ, പശ്ചിമ ബംഗാളിലെ കല്യാണി യിലുള്ള എയിംസിന്റെ പ്രഥമ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. മറ്റന്നാൾ ഝാർഖണ്ഡിലെ ദിയോഘറിൽ നടക്കുന്ന എയിംസിന്റെ ബിരുദദാന ചടങ്ങിലും വെള്ളിയാഴ്ച, ധൻബാദ് ഐഐടി യുടെ 45-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡

## PM LOKSABHA

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച പ്രത്യേക ചർച്ച പാർലമെൻറിൻറെ ഇരുസഭകളിലും പുരോഗമിക്കുന്നു. ഭീകരവാദത്തോട് ഇന്ത്യയുടെ വിട്ടുവീഴ്ചയില്ലാത്ത നയമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ലോക്സഭയിൽ പറഞ്ഞു. 140 കോടി ഇന്ത്യ ക്കാരുടെ നിശ്ചയ ദാർഢ്യത്തിൻറെയും, ഐക്യത്തിൻറെയും വിജയമാണ് ഓപ്പറേഷൻ സിന്ദൂർ. പഹൽഗാം ആക്രമണത്തിന് ശക്തമായ തിരിച്ചടി നേരിടേണ്ടി വരുമെന്ന് പാകിസ്ഥാന് അറിയാമായിരുന്നു. എന്നിട്ടും ഇന്ത്യക്കെതിരെ യാതൊന്നും ചെയ്യാൻ അവർക്ക് സാധിച്ചില്ലെന്നും അതാണ് ഇന്ത്യയുടെ ശക്തിയെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

രാജ്യത്തെ പ്രതിരോധമേഖലയിൽ ആത്മനിർഭർ ഭാരതിൻറെ കരുത്ത് ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകം മുഴുവൻ കണ്ടുവെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡✡✡

## OPERATION SINDOOR - RAJNATH (INTRO)

പാകിസ്ഥാനിലെ ഭീകരത്താവളങ്ങൾ തകർക്കുകയും ഭീകരവാദത്തിനെതിരെ വിട്ടുവീഴ്ചയില്ലാ നയമാണ് ഇന്ത്യയ്ക്കുള്ളത് എന്നുമുള്ള സന്ദേശമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ ലക്ഷ്യമിട്ടതെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് രാജ്യസഭയിൽ വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്.......)**

ഭാവിയിൽ പാകിസ്ഥാൻറെ ഭാഗത്ത് നിന്നും എന്തെങ്കിലും പ്രകോപനം ഉണ്ടായാൽ ഓപ്പറേഷൻ സിന്ദൂർ പുനരാരംഭിക്കാൻ ഇന്ത്യ മടിക്കില്ലെന്നും ശ്രീ സിങ് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## REV EVE-LS-OPERATION SINDOOR INTRO

ഓപ്പറേഷൻ മഹാദേവിലൂടെ പഹൽഗാം ഭീകരാക്രമണത്തിന് കാരണക്കാരായ മൂന്ന് ഭീകരരെ ഇന്ത്യൻ സേനയും, സിആർപിഎഫും, ജമ്മു പൊലീസും ചേർന്ന് ഇന്നലെ വധിച്ചതായി ലോക്സഭയിലെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. സുലൈമാൻ ഷാ, ജിബ്രാൻ, ഹംസ അഫ്ഗാനി എന്നിവരെയാണ് വധിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. എന്നാൽ സുരക്ഷാവീഴ്ച പൗരന്മാരുടെ ജീവിതത്തെ സാരമായി ബാധിക്കുമെന്നതിന് തെളിവാണ് പഹൽഗാം എന്ന് സമാജ് വാദ് പാർട്ടിയുടെ അഖിലേഷ് യാദവ് കുറ്റപ്പെടുത്തി. ഓപ്പറേഷൻ സിന്ദൂരിൽ ഇന്ത്യൻ സേനകളുടെ പ്രവർത്തനത്തെ അദ്ദേഹം അഭിനന്ദിച്ചു. പഹൽഗാം ഭീകരാക്രമണത്തെ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അപലപിച്ചു. പാകിസ്ഥാനിൻറെ ഭീകരവാദ പ്രവർത്തനങ്ങൽക്ക് എതിരെയുള്ള ഇന്ത്യയുടെ നടപടികളെ പ്രതിപക്ഷം എല്ലാക്കാലത്തും പിന്തുണച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

## RS - MANIPUR PREZ RULE

മണിപ്പൂരിലെ രാഷ്ട്രപതി ഭരണം അടുത്ത മാസം 13 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം പരിഗണിക്കുന്നതിന് സമയം അനുവദിച്ചതായി രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് സഭയെ അറിയിച്ചു. പാർലമെന്റിന്റെ നടപ്പ് സമ്മേളനത്തിൽ ആഭ്യന്തരമന്ത്രി അമിത് ഷാ ഇത് സംബന്ധിച്ച പ്രമേയം അവതരിപ്പിക്കും. മുഖ്യമന്ത്രി എൻ. ബിരേൻ സിംഗ് രാജിവച്ചതിനെത്തുടർന്ന് ഈ വർഷം ഫെബ്രുവരി 13 മുതലാണ് മണിപ്പൂരിൽ രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയത്.

## LS - EXPORT

രാജ്യത്തെ കയറ്റുമതി മേഖല ശക്തിപ്പെടുത്തുന്നതിനും ഇന്ത്യൻ ഉത്പന്നങ്ങളുടെ ആഗോള മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും നിരവധി നടപടികൾ സ്വകരിച്ചതായി കേന്ദ്രസർക്കാർ. വിപണന മേഖല വ്യാപിപ്പിക്കുന്നതിനും വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനു മായി സ്വതന്ത്ര വ്യാപാര കരാറുകളിൽ ചർച്ച പുരോഗമിക്കുകയാണെന്ന് കേന്ദ്ര വാണിജ്യ സഹമന്ത്രി ജിതിൻ പ്രസാദ ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞു.

## WAYANAD - MUNDAKAI

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് നാളെ ഒരു വയസ്സ്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ രണ്ട് ഗ്രാമങ്ങളെയൊന്നാകെ തുടച്ചു നീക്കിയ മഹാദുരന്തമുണ്ടായത് കഴിഞ്ഞ ജൂലൈ 30 നാണ്. അതിജീവിതർ ക്കായി സംസ്ഥാന സർക്കാർ ഒരുക്കുന്ന മാതൃകാ ടൗൺഷിപ്പിന്റെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. കാണാതായ 32 പേർ ഉൾപ്പെടെ 298 പേർ ദുരന്തത്തിൽ മരണമടഞ്ഞതായാണ് ഔദ്യോഗിക കണക്കുകൾ. ഉരുൾപൊട്ടൽ ബാക്കിവച്ച വേദനിപ്പിക്കുന്ന ഓർമകൾക്ക് നടുവിലും അതിജീവനത്തിൻറെ പാതയിലാണ് മുണ്ടക്കൈ ചൂരൽമല

നിവാസികൾ.  കേരളത്തെ നടുക്കിയ മഹാദുരന്തത്തിന് ഒരു വർഷം പൂർത്തിയാകുമ്പോൾ പുത്തുമലയിൽ നാളെ സർവമത പ്രാർത്ഥനയും, അനുസ്മരണ സമ്മേളനവും നടക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡

## NEP (INTRO)

രാജ്യത്തെ സ്കൂളുകളുടെ പരിവർത്തനത്തോടൊപ്പം പാഠ്യപദ്ധതി പരിഷ്കരണവും ലക്ഷ്യമിട്ടാണ് അഞ്ച് വർഷം മുൻപ് ദേശീയ വിദ്യാഭ്യാസ നയം കേന്ദ്രസർക്കാർ ആവിഷ്കരിച്ചത്. പാഠപുസ്തകങ്ങളെയും, ഓർമ ശക്തിയേയും, പരീക്ഷയിൽ നേടിയ മാർക്കിനെയും മാത്രം ആശ്രയിക്കാത്ത വിധത്തിലുള്ള വിദ്യാഭ്യാസ രീതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സ്കൂൾ തലം മുതൽ നൈപുണ്യ വികസനം സാധ്യമായാൽ മാത്രമേ തൊഴിലവ സരങ്ങൾ സൃഷ്ടിക്കപ്പെടൂ എന്നും അധ്യാപകർക്കുള്ള പരിശീലനം നിർണായകമാണെന്നും കേരള കേന്ദ്ര സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ.ജി.ഗോപകുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

✡✡✡✡✡✡✡✡✡✡✡✡✡✡

## ABSS-2025

ലോകോത്തര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ചട്ടക്കൂടാണ് ദേശീയ വിദ്യാഭ്യാസ നയം 2020 എന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ന്യൂഡൽഹിയിൽ നടന്ന അഖില ഭാരതീയ ശിക്ഷാ സമാഗമം 2025 ന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വികസിത് ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാർഗമായി ദേശീയ വിദ്യാഭ്യാസ നയം മാറിയതായും കേന്ദ്രമന്ത്രി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## DRDO-PRALAY

പ്രളയ് മിസൈൽ വിജയകരമായി പരീക്ഷിച്ച് ഡിആർഡിഒ. ഒഡീഷയിലെ ഡോ. എപിജെ അബ്ദുൽ കലാം ദ്വീപിൽ നിന്ന് ഇന്നലെയും ഇന്നുമായിട്ടായിരുന്നു പരീക്ഷണം. മിസൈലിൻറെ ഹ്രസ്വ ദൂര, ദീർഘ ദൂര പരിധി വില

യിരുത്തുന്നതായിരുന്നു പരീക്ഷണം. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സോളിഡ് പ്രൊപ്പലൻറ് ക്വാസി ബാലിസ്റ്റിക് മിസൈലാണ് പ്രളയ്. പരീക്ഷണ വിജയത്തിൽ രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് ഡിആർഡിഒ യേയും ഇന്ത്യൻ സേനകളേയും അഭിനന്ദിച്ചു.

## NASA - ISRO ; NISAR

ഐ എസ് ആർ യുടെയും നാസയുടെയും സംയുക്ത ദൗത്യമായ നിസാർ ഉപഗ്രഹ വിക്ഷേപണത്തിനായുള്ള കൗണ്ട്ഡൗൺ പുരോഗമിക്കുന്നു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും നാളെ വൈകുന്നേരം 5.40 നാണ് വിക്ഷേപണം. കരയിലും മഞ്ഞുപാളികളിലുമുള്ള മാറ്റങ്ങൾ ട്രാക്ക് ചെയ്യുക, പ്രകൃതിദുരന്തങ്ങൾ കണ്ടെത്തുക തുടങ്ങിയവയാണ് ഈ ഭൗമ നിരീക്ഷണ ദൗത്യത്തിന്റെ ലക്ഷ്യം. ഐ എസ് ആർ യുടെയും നാസയുടെയും പ്രഥമ സംയുക്ത ഉപഗ്രഹ ദൗത്യമാണ് നിസാർ.

## PM EKTA MALL

2023-24 ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പിഎം ഏകതാ മാൾ സ്ഥാപിക്കുന്നത്തിന് രാജ്യത്തെ 27 സംസ്ഥാനങ്ങൾക്കുമായി 5000 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. കേരളത്തിൽ നിന്ന് തിരുവനതപുരം ജില്ലയ്ക്ക് 120 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒരു ജില്ല, ഒരു ഉൽപ്പന്നം, ഭൂമിശാസ്ത്ര സൂചക ഉൽപ്പന്നങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ പ്രചാരണവും, വില്പനയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണിത്.

## CHATHISGAD - MP

ഛത്തീസ്ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകളെ കേരളത്തിൽ നിന്നുള്ള എംപിമാരടക്കമുള്ള അഞ്ചംഗ സംഘം ദുർഗ് ജയിലിൽ ഇന്ന് സന്ദർശിച്ചു. ബെന്നി ബഹനാൻ, എൻ കെ പ്രേമചന്ദ്രൻ തുടങ്ങിയ യുഡിഎഫ് എംപിമാരും കന്യാസ്ത്രീയുടെ ബന്ധുവുമാണ് സംഘത്തിലുണ്ടായിരുന്നത്. കന്യാസ്ത്രീകൾക്ക് എല്ലാ പിന്തുണയും നൽകുമെന്നും വിഷയം നാളെ പാർലമെൻറിൽ ഉന്നയിക്കുമെന്ന് എം.പി.മാർ പറഞ്ഞു. ഛത്തീസ്ഗഢ്

സംഭവത്തിൽ നീതി ലഭിക്കും വരെ ഒപ്പമുണ്ടാകുമെന്നും കന്യാസ്ത്രീകൾക്ക് നേരെ ഉണ്ടായ ആരോപണം ശരിയല്ലെന്നും ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ മാധ്യമങ്ങളോട് പറഞ്ഞു.